5150/15 2878

# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3768 — 20-07-2015 ൽ മറുപടിക്ക്

### ഹയർസെക്കന്ററി കാര്യാലയങ്ങൾ മുഖാന്തിരം നൽകുന്ന സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി

| ചോദ്യം<br>ശ്രീ.വി.ശശി | ഉത്തരം<br>ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സേവനാവകാശനിയമം നടപ്പിലാക്കിയപ്പോൾ ഹയർസെക്കണ്ടറി മേഖലാ കാര്യാലയങ്ങൾ മുഖാന്തിരം നൽകുന്ന കേവലം രണ്ടു സേവനങ്ങൾ മാത്രമാണ് ഇതിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുള്ളത് എന്നതിന്റെ അപാകത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത കാര്യാലയങ്ങൾ മുഖാന്തിരം നടപ്പിലാക്കുന്ന ഇതര സേവനങ്ങൾ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ടവർ നൽകേണ്ടുന്നതിന്റെ സമയപരിധിയില്ലായ്മയിലാണോ ഇത്തരം നടപടി എന്ന് അറിയിക്കുമോ; | (എ) & (ബി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ സേവനാവകാശ നിയമത്തിന്റെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ജി.ഒ (പി) നം.145/2013/പൊ.വി.വ തീയതി 23.04.2013 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട് ആയതിൻപ്രകാരം 15 സേവനങ്ങളാണ് ഈ വകുപ്പിൽ നിന്നും ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിൽ 3 മുതൽ 6 വരെയുള്ള 4 സേവനങ്ങൾക്ക് നിയുക്ത ഉദ്യോഗസ്ഥൻ അതാത് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരാണ്. 7 മുതൽ 15 വരെയുള്ള സേവനങ്ങൾക്ക് നിയുക്ത ഉദ്യോഗസ്ഥൻ പരീക്ഷയിലേയും അക്കാഡമിക് വിഭാഗത്തിലേയും ജോയിന്റ് ഡയറക്ടർമാരാണ്. പരീക്ഷാ സംബന്ധമായും പ്ലസ് വൺ പ്രവേശനം സംബന്ധമായും ഉള്ള കാര്യങ്ങളാണ് ഡയറക്ടറേറ്റിൽ സേവനാവകാശത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (സി) അടിയന്തരമായി ഈ കാര്യാലയത്തിന്റെ പരിധിയിൽപ്പെടുന്ന എല്ലാ സേവനങ്ങളും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന വേണ്ട നടപടി സ്വീകരിക്കുമോ? | (സി) ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ നൽകുന്ന കൂടുതൽ സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ